©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 മാർച്ച് 16<br>16th March 2021<br>1196 മീനം 2<br>2nd Meenam 1196<br>1942 ഫാൽഗുനം 25<br>25th Phalguna 1942 | നമ്പർ<br>No. | 11 |

## PART III

# Police Department

പുനർ ലേല പരസ്യം

നമ്പർ ഇ2-36744/2018/റ്റിസി. 2021 ഫെബ്രുവരി 20.

തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും പോലീസ് വകുപ്പിന് ഉപയോഗമില്ലാത്തതുമായ ചുവടെ ചേർത്തിരിക്കുന്ന വാഹനങ്ങൾ ലേലം/ടെണ്ടർ വഴി വില്പന നടത്താൻ തീരുമാനിച്ചിരിക്കുന്നു.

ലേല തീയതി—23-3-2021.

ലേലസ്ഥലം—സായുധസേന വിഭാഗം ക്യാമ്പ്, നന്ദാവനം, തിരുവനന്തപുരം സിറ്റി.

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം ₹ |
|---|---|---|---|---|
| 1 | KL 01 AG 5606 | Tata Sumo | 2005 | 1,800 |
| 2 | KL 01 AH 6785 | CT 100 | 2005 | 200 |
| 3 | KL 01 AH 5043 | CT 100 | 2005 | 200 |
| 4 | KL 01 AH 2020 | CT 100 | 2005 | 100 |
| 5 | KL 01 AD 4853 | Jeep | 2004 | 2,500 |
| 6 | KL 01 AS 7523 | Bolero | 2008 | 6,300 |
| 7 | KL 01 AS 7481 | Bolero | 2008 | 5,500 |

Gaz. No. 11/2021/DTP (Police).

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലദിവസം ലേലസ്ഥലത്ത് കൃത്യസമയത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് മേൽപ്പറഞ്ഞ വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്. ലേലത്തിൽ വെച്ച വാഹനങ്ങൾ ലേലത്തിനുമുമ്പുള്ള പതിനഞ്ചു പ്രവർത്തി ദിവസങ്ങളിൽ രാവിലെ പത്തുമണിക്കും വൈകിട്ട് അഞ്ചു മണിക്കും ഇടയിൽ തിരുവനന്തപുരം സിറ്റി സായുധ സേനാ വിഭാഗം ക്യാമ്പ് മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ മുൻകൂർ അനുമതിയോടുകൂടി നേരിട്ട് പരിശോധിക്കാവുന്നതാണ്.

ടി വാഹനങ്ങളുടെ വിൽപ്പനയ്ക്ക് ടെണ്ടറുകൾ സ്വീകരിക്കുന്നതാണ്. ടെണ്ടർഫോറം ഓഫീസ് പ്രവർത്തിദിവസം രാവിലെ 10 മണിക്കും വൈകിട്ട് അഞ്ചുമണിക്കും ഇടയിൽ തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽനിന്നും ലഭിക്കുന്നതാണ്. ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി 19-3-2021 വൈകുന്നേരം നാലുമണിവരെയാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ നിരുപാധികം നിരസിക്കുന്നതാണ്. ടെണ്ടർ കവറിനുമുകളിൽ വാഹനത്തിന്റെ നമ്പരോടുകൂടി "വാഹനലേലത്തിനുള്ള ടെണ്ടർ" എന്നെഴുതി കവർ സീൽ ചെയ്തിരിക്കണം.

പരസ്യലേലം അവസാനിച്ചാൽ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണ് കൂടുതൽ തുക കാണുന്നത് പ്രസ്തുത തുകയ്ക്ക് ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്. നിരതദ്രവ്യം ഒഴികെ ലേലം/ടെണ്ടർ തുകയും നിശ്ചിത നികുതിയും ഉൾപ്പെടെയുള്ള തുക ലേലസ്ഥലത്ത് വച്ച് അപ്പോൾത്തന്നെ അടയ്ക്കേണ്ടതും തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് കിട്ടുന്ന മുറയ്ക്ക് ലേലം കൊണ്ട വാഹനങ്ങൾ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്.

ടി നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും പുനർ ലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടത്തിനു ലേലം കൊണ്ടയാൾ ഉത്തരവാദി ആയിരിക്കുന്നതും നഷ്ടസംഖ്യ ടിയാനിൽനിന്നും ഈടാക്കുന്നതുമായിരിക്കും. എന്നാൽ പുനർ ലേലത്തിൽ കൂടുതൽ തുകയ്ക്ക് ലേലം ഉറപ്പിക്കുകയാണെങ്കിൽ കൂടുതലായി കിട്ടുന്ന തുകയ്ക്ക് ടിയാന് അർഹത ഉണ്ടായിരിക്കുന്നതല്ല. ലേലം സംബന്ധിച്ച് (ലേലസമയത്തും അതിനുശേഷവും) തിരുവനന്തപുരം ജില്ലാ പോലീസ് മേധാവി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിക്ക് ഉചിതമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ലേലനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

City Police Office,
Thiruvananthapuram.

Balram Kumar Upadhyay IPS,
*Commissioner of Police.*

## ലേല പരസ്യം

നമ്പർ ഇ2-36744/2018/റ്റിസി. 2021 മാർച്ച് 4.

തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും പോലീസ് വകുപ്പിന് ഉപയോഗമില്ലാത്തതുമായ ചുവടെ ചേർത്തിരിക്കുന്ന വാഹനം ലേലം/ടെണ്ടർ വഴി വില്പന നടത്താൻ തീരുമാനിച്ചിരിക്കുന്നു.

അടങ്കൽ തുക—₹ 40,000.

ലേല തീയതി—23-3-2021.

ലേലസ്ഥലം—സായുധസേന വിഭാഗം ക്യാമ്പ്, നന്ദാവനം, തിരുവനന്തപുരം സിറ്റി.

| രജിസ്റ്റർ നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം ₹ |
|---|---|---|---|
| KL 01 AS 8428 | Tata Sumo | 2008 | 2,000 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലദിവസം ലേലസ്ഥലത്ത് കൃത്യസമയത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് മേൽപ്പറഞ്ഞ വാഹനത്തിന് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്. ലേലത്തിൽ വെച്ച വാഹനങ്ങൾ ലേലത്തിനുമുമ്പുള്ള പതിനഞ്ചു പ്രവർത്തി ദിവസങ്ങളിൽ രാവിലെ പത്തുമണിക്കും വൈകിട്ട് അഞ്ചു മണിക്കും ഇടയിൽ തിരുവനന്തപുരം സിറ്റി സായുധ സേനാ വിഭാഗം ക്യാമ്പ് മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ മുൻകൂർ അനുമതിയോടുകൂടി നേരിട്ട് പരിശോധിക്കാവുന്നതാണ്.

ടി വാഹനത്തിന്റെ വിൽപ്പനയ്ക്ക് ടെണ്ടറുകൾ സ്വീകരിക്കുന്നതാണ്. ടെണ്ടർഫോറം ഓഫീസ് പ്രവർത്തിദിവസം രാവിലെ 10 മണിക്കും വൈകിട്ടും അഞ്ചുമണിക്കും ഇടയിൽ തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽനിന്നും ലഭിക്കുന്നതാണ്. ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി 20-3-2021 വൈകുന്നേരം നാലുമണിവരെയാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ നിരുപാധികം നിരസിക്കുന്നതാണ്. ടെണ്ടർ കവറിനുമുകളിൽ വാഹനത്തിന്റെ നമ്പരോടുകൂടി "വാഹനലേലത്തിനുള്ള ടെണ്ടർ" എന്നെഴുതി കവർ സീൽ ചെയ്തിരിക്കണം.

പരസ്യലേലം അവസാനിച്ചാൽ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണ് കൂടുതൽ തുക കാണുന്നത് പ്രസ്തുത തുകയ്ക്ക് ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്. നിരതദ്രവ്യം ഒഴികെ ലേലം/ടെണ്ടർ തുകയും നിശ്ചിത നികുതിയും ഉൾപ്പെടെയുള്ള തുക ലേലസ്ഥലത്ത് വച്ച് അപ്പോൾത്തന്നെ അടയ്ക്കേണ്ടതും തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് കിട്ടുന്ന മുറയ്ക്ക് ലേലം കൊണ്ട വാഹനം സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്.

ടി നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും പുനർ ലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടത്തിനു ലേലം കൊണ്ടയാൾ ഉത്തരവാദി ആയിരിക്കുന്നതും നഷ്ടസംഖ്യ ടിയാനിൽനിന്നും ഈടാക്കുന്നതുമായിരിക്കും. എന്നാൽ പുനർ ലേലത്തിൽ കൂടുതൽ തുകയ്ക്ക് ലേലം ഉറപ്പിക്കുകയാണെങ്കിൽ കൂടുതലായി കിട്ടുന്ന തുകയ്ക്ക് ടിയാന് അർഹത ഉണ്ടായിരിക്കുന്നതുമല്ല. ലേലം സംബന്ധിച്ച് (ലേലസമയത്തും അതിനുശേഷവും) തിരുവനന്തപുരം ജില്ലാ പോലീസ് മേധാവി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിക്ക് ഉചിതമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ലേലനടപടികൾ നിർത്തി വയ്ക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

സിറ്റി പോലീസ് ഓഫീസ്,
തിരുവനന്തപുരം.

ബാലറാം കുമാർ ഉപാധ്യായ്, ഐ പി എസ്,
പോലീസ് കമ്മീഷണർ.